# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5226 — 06.02.2014-ൽ മറുപടിയ്ക്ക്

<u>ഔഷധസസ്യങ്ങളുടെയും മരങ്ങളുടെയും സംരക്ഷണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അമൂല്യമായ ഔഷധസസ്യങ്ങളുടെയും മരങ്ങളുടെയും സംരക്ഷണത്തിന് വനം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) കേരള വനം വകുപ്പ് അമൂല്യങ്ങളായ ഔഷധ സസ്യങ്ങളുടെയും മരങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നു. ഇവയുടെ പ്രജനനവും പുനഃരുത്പാദനവും ത്വരിതപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും കാട്ടുതീയിൽ നിന്ന് സംരക്ഷണം നൽകുകയും ചെയ്യുന്നതാണ് വംശനാശം നേരിടുന്ന സസ്യങ്ങൾക്കായി പ്രധാനമായും സ്വീകരിച്ചു വരുന്ന സംരക്ഷണ പ്രവർത്തനങ്ങൾ. കൂടാതെ വകുപ്പ് നേരിട്ടും കേന്ദ്രസർക്കാരിന്റെ നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം, നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ് എന്നീ സ്കീമുകളിലൂടെയും ഔഷധ സസ്യങ്ങളുടെയും, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മരങ്ങൾ എന്നിവയുടെ തൈകൾ ഉത്പാദിപ്പിക്കുകയും തൈകൾ നേരിട്ടും വന സംരക്ഷണ സമിതികൾ മുഖേനയും വിതരണം ചെയ്ത് നട്ടുപിടിപ്പിക്കുന്നുമുണ്ട്. ഇവയ്ക്ക് പുറമെ എൻ.ഡബ്ല്യു.എഫ്.പി ഫണ്ട് ഉപയോഗിച്ച് മെഡിസിനൽ തോട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ സോഷ്യൽ ഫോറസ്ട്രി മുഖേന അമൂല്യമായ ഔഷധ സസ്യങ്ങളുടെ തൈകൾ ഉത്പാദിപ്പിച്ച് വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും വിതരണം ചെയ്യുന്നുണ്ട്. ഔഷധ സസ്യതോട്ടങ്ങളുടെ നിർമ്മാണവും പരിപാലനവും വകുപ്പിന്റെ ആഭിമുഖ്യത്തിൽ തുടർച്ചയായി നടത്തി വരുന്നുണ്ട്. |
| (ബി) ഇത്തരം സസ്യങ്ങളുടെ തൈകൾ ഉത്പ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഏതെല്ലാം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) നട്ടുപിടിപ്പിക്കുന്നതിനാവശ്യമായ തൈകളിൽ ഭൂരിഭാഗവും ഉത്പാദിപ്പിക്കുന്നതിനും വിതരണത്തിനും വനത്തിനുള്ളിലോ സൗകര്യപ്രദമായ വനത്തിന് സമീപമുള്ള പ്രദേശത്തോ നഴ്സറികൾ എടുത്ത് വരുന്നുണ്ട്. തൈകൾ പാകമാകാത്തവ പുറമെ നിന്നും കൊണ്ടുവരാറുണ്ട്. കൂടാതെ |

| | |
|---|---|
| | ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസിയുടെ കീഴിലുള്ള വിവിധ വന സംരക്ഷണ സമിതികൾ വഴി ഔഷധ സസ്യങ്ങളുടെ തൈകൾ ഉൽപാദനവും, വിതരണവും നടത്തി വരുന്നു |
| (സി) കോഴിക്കോട് ജില്ലയിലെ ജാനകിക്കാട് ഔഷധസസ്യ തോട്ടവും നഴ്സറിയും അധികൃതരുടെ അനാസ്ഥമൂലം നശിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) ജാനകിക്കാട് വന സംരക്ഷണ സമിതിയുടെ മേൽനോട്ടത്തിൽ ജാനകിക്കാട് ഇക്കോടൂറിസം സെന്ററിൽ പ്രവർത്തിച്ചുവരുന്ന ജാനകിക്കാട് ഔഷധസസ്യത്തോട്ടവും നഴ്സറിയും രോഗബാധമൂലവും, കഴിഞ്ഞ വർഷകാലത്തെ കനത്ത മഴയിലും കാറ്റിലും ചെടികൾക്ക് നാശം സംഭവിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം ഈ ഔഷധസസ്യത്തോട്ടത്തിന്റെ നവീകരണത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. |
| (ഡി) പ്രസ്തുത തോട്ടം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) പ്രസ്തുത തോട്ടത്തിന്റെ നവീകരണത്തിനുള്ള പ്രോജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത തോട്ടം പുനഃനിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ